# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :*40 10.06.2014 ൽ മറുപടിക്ക്

### പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എളമരം കരീം<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.എം.ചന്ദ്രൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽനിന്ന് കരകയറ്റുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ഫലമായി ഏതൊക്കെ വ്യവസായങ്ങളിൽ അഭിവൃദ്ധി ഉണ്ടാക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) ഉണ്ട്.<br>കൈത്തറി മേഖലയിൽ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് യാൺ ബാങ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. അസംസ്കൃത വസ്തുക്കളുടെ വിലയിലുള്ള വ്യതിയാനം പിടിച്ചു നിർത്തുന്നതിനായി കഴിഞ്ഞ സബ്സിഡി നൽകി വരുന്നു. ഉൽപ്പന്ന വൈവിധ്യ വൽക്കരണത്തിനും കലാമേന്മ വർദ്ധിപ്പിക്കുന്നതിനും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ് ലൂം ടെക്നോളജി (ഐ.ഐ.എച്ച്.റ്റി) വീവേഴ്സ് സർവ്വീസ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഫലമായി ആകർഷകമായ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ചു വരുന്നു. ഡോബി, ജെക്കാർഡ് തുടങ്ങിയ സാങ്കേതിക വിദ്യകൾ നടപ്പിലാക്കുന്നതിനായുള്ള ധനസഹായം നൽകി വരുന്നു. കൈത്തറി പ്രചരണ പരിപാടികൾ ശക്തമാക്കിയിട്ടുള്ളതും കൈത്തറിയുടെ ഉപഭോഗം വർദ്ധിച്ചിട്ടുള്ളതുമാണ്. കുടിൽ മാതൃക സംഘങ്ങളുടെ നെയ്ത്തുകാർക്ക് അനുബന്ധ ഉപകരണങ്ങൾ സൗജന്യമായി കൊടുക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം ചെയ്യുന്ന പദ്ധതിയും മികച്ച നെയ്ത്തുകാർക്ക് അധിക വരുമാനം ലഭിക്കുന്നതിന് പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയും ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ ഫലമായി നെയ്ത്തുകാർക്ക് കൂടുതൽ വരുമാനം ലഭിക്കുന്നു. കൈത്തറി ഉൽപ്പന്നങ്ങളുടെ വൈവിധ്യ വത്കരണ |

ത്തിനായി കൈത്തറി ക്ലസ്റ്ററുകളിൽ ഡിസൈനറെ നിയമിച്ച് വൈവിധ്യങ്ങളായ ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വരുന്നു. വിപണനത്തെ സഹായിക്കുന്നതിനായി റിബേറ്റിനു പുറമേ ഉത്സവ സീസണുകളിൽ എക്സിബിഷനുകൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ ബയർ സെല്ലർ മീറ്റുകളും സംഘടിപ്പിക്കുന്നുണ്ട്. ഇതിന്റെ ഫലമായി വിപണി വർദ്ധിച്ചിട്ടുണ്ട്. കൈത്തറി മേഖലയിലുള്ള തൊഴിലാളികൾക്ക് 100 ദിവസമെങ്കിലും തൊഴിൽ നൽകുന്നതിനായി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നു.

പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപറേഷന്റെയും സഹകരണ സ്ഥാപനമായ കാപെക്സിന്റെയും നവീകരണത്തിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകി വരുന്നു. ഈ സാമ്പത്തിക സഹായം വിനിയോഗിച്ച് ഫാക്ടറിയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തൊഴിലാളികൾക്ക് തുടർച്ചയായി ജോലി നൽകുന്നതിനുള്ള ശ്രമങ്ങൾ കോർപറേഷൻ നടത്തിവരുന്നു.

കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപറേഷന്റെ പരിധിയിൽ വരുന്ന ആർട്ടിസാൻസ് കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ആർട്ടിസാൻസ് വനിതകൾക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ വിവിധ ജില്ലകളിൽ സർക്കാരിന്റെ ധനസഹായത്തോടെ കാഡ്കോ നടത്തി വരുന്നു.

കേരളസ്റ്റേറ്റ് ബാംബൂ കോർപറേഷന് ബാംബൂ ബോർഡ് ഫാക്ടറിയിലേക്കുള്ള യന്ത്രസാമഗ്രികൾ വാങ്ങുന്നതിനു നവീകരണ പ്രവർത്തനങ്ങൾക്കുമായി സർക്കാർ ധനസഹായം അനുവദിച്ചിരുന്നു. ഈറ്റശേഖരണ, വിതരണ മേഖലയിലെ നവീകരണ പ്രവർത്തനങ്ങൾക്കായും എല്ലാവർഷവും ഫെസ്റ്റിവൽ ഇൻസെന്റീവ് ഇനത്തിലും മിനിമം വേജസ് നടപ്പിലാക്കുന്നതിനുമായും കേരളസ്റ്റേറ്റ് ബാംബൂ കോർപറേഷന് സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

കര കൗശല കലാകാരൻമാരിൽ നിന്നും ഉൽപന്നങ്ങൾ വാങ്ങിയ ഇനത്തിലുള്ള ബാധ്യത തീർപ്പാക്കു ന്നതിനായി 4 കോടി രൂപയും പ്രവർത്തന മൂലധനമായി 1 കോടിരൂപയും കേരള കരകൗശല വികസന കോർപറേഷന് 2012-13 സാമ്പത്തിക വർഷം അനുവദിച്ചിരുന്നു. കുടിശ്ശിക തീർപ്പാക്കിയതിനാൽ കരകൗശല തൊഴി ലാളികൾ കോർപറേഷന് ഉൽപ്പന്നങ്ങൾ നൽകുന്നത് പുനരാരംഭിച്ചിട്ടുണ്ട്. കരകൗശല മേഖലയെ തകർച്ചയിൽ നിന്നും കരകയറ്റുന്നതിനു വേണ്ടി സുരഭി സർക്കാർ സഹായത്തോടെ ഹെൽത്ത് ഇൻഷുറൻസ് സ്കീം, എ.എച്ച്.വി.വൈ സ്കീം, സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിങ്, ക്ലസ്റ്റർ ഡെവലപ്പമെന്റ് പ്രോഗ്രാം എന്നിവ നടത്തിവരുന്നു.

കേരളത്തിലെ പരമ്പരാഗത ഖാദി ഗ്രാമ വ്യവസായങ്ങളുടെ പുനരുദ്ധാര ണത്തിനായി സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ഖാദി ബോർഡ് നടപ്പാക്കിവരുന്ന എല്ലാ ഖാദിഗ്രാമവ്യവസായ പദ്ധതികളും കേരളത്തിലെ പല പാരമ്പര്യ വ്യവസായങ്ങളുടേയും ഉന്നമനത്തിന് ഉത കുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടുകൂടി ഖാദി ഗ്രാമ വ്യവസായ ബോർഡ് നടപ്പിലാക്കി വരുന്ന "പ്രത്യേക തൊഴിൽദാന പദ്ധതി"യിൽ കൂടി വിവിധ പരമ്പരാഗത വ്യവസായങ്ങൾക്കും പുനുജീവൻ നൽകുവാൻ സാധിച്ചിട്ടുണ്ട്.

ഗ്രാമവ്യവസായത്തിൽപ്പെടുന്ന കയറായും, കളിമൺപാത്രം, കരിപ്പട്ടി, പനംകൽക്കണ്ടം, സോപ്പ് തുടങ്ങിയ വ്യവസായങ്ങൾക്ക് പുനരുജ്ജീവന പരിപാടികൾ ആവിഷ്കരിക്കുന്ന തിനായി സാമ്പത്തിക സഹായം നൽകി വരുന്നു.

ഖാദിസഹകരണ സംഘങ്ങളെയും മറ്റ് ഖാദി സ്ഥാപനങ്ങളെയും പുനരുദ്ധ കരിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

ഖാദി മേഖലയിലെ തൊഴിലാളികളുടെ സംരക്ഷണത്തിന്റെ ഭാഗമായി തറികളുടേയും ചർക്കകളുടേയും ആധുനിക വൽക്കരണത്തിനും ഖാദിമേഖലയുടെ നവീകരണത്തിനും ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാനായും സർക്കാർ നിയോഗിച്ച ശ്രീ.പി.ഗോപിനാഥൻ നായർ ചെയർമാനായ കമ്മിറ്റി അഞ്ച് വർഷത്തേക്ക് വേണ്ടി 120 കോടി രൂപയുടെ നിർദ്ദേശം സർക്കാരിലേക്ക് സമർപ്പിക്കുകയും ആദ്യ വർഷത്തേക്കായി സമർപ്പിച്ച 29.46 കോടി രൂപയുടെ നിർദ്ദേശത്തിന്മേൽ 13.05 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

ഖാദിതൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ അനുവദിക്കുന്ന തുക ഉപയോഗിച്ച് മിനിമം വേതനം നൽകിവരുന്നുണ്ട്. 2013-14 വർഷം ഇൻകം സപ്പോർട്ട് സ്കീം പ്രകാരം 18 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഖാദി നൂല്പുകാർക്കും നെയ്ത്തുകാർക്കും ഉൽപ്പാദന ഇൻസെന്റീവ് നൽകിവരുന്നു. കൂടാതെ ഖാദിതൊഴിലാളി ക്ഷേമനിധി ബോർഡ് വഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും ഖാദിതൊഴിലാളികൾക്ക് നൽകിവരുന്നുണ്ട്.

ഖാദിഗ്രാമ വ്യവസായങ്ങളെ കൂടുതൽ ഉൽപ്പാദനപരവും മൽസരാധിഷ്ഠിതവുമാക്കുന്നതിന് പാലക്കാട്, മലപ്പുറം, കോഴിക്കോട് എറണാകുളം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ ഖാദി ക്ലസ്റ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

പരമ്പരാഗത വ്യവസായമായ കയർ വ്യവസായ മേഖലയെ സംരക്ഷിച്ചു നിർത്തുന്നതിനായി ഈ സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. കയർ സഹകരണസംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംഘങ്ങൾക്ക് നൽകിയിരുന്ന പ്രവർത്തന മൂലധന ഗ്രാന്റിന്റെ പരിധി മാറ്റ് & മാറ്റിങ് സംഘങ്ങൾക്ക് 7.5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായും മറ്റ് സംഘങ്ങൾക്ക് 5 ലക്ഷം രൂപയിൽ നിന്നും 7.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു. കയർപിരി മേഖലയിലെ കൂലി 300/- രൂപയായും ഉൽപ്പന്ന മേഖലയിലെ കൂലി 300/- രൂപയായും വർദ്ധിപ്പിച്ചു. കയർപിരി

ഡീഫൈബറിംഗ് മേഖലകളിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ വഹിച്ച് നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. സബ്സിഡി നിരക്കിൽ സംഘങ്ങൾക്ക് ചകിരി നൽകുന്നതിനായി നടപടികൾ സ്വീകരിച്ചു. ക്രയവില സ്ഥിരതാ പദ്ധതി നടപ്പാക്കുന്നതിനായി കേരളസ്റ്റേറ്റ് കയർ കോർപറേഷനും കയർ സംഭരണ ത്തിനായി കയർഫെഡിനും പ്രവർത്തന മൂലധനമായി സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. തൊണ്ട് സംഭരണം ശക്തമാക്കുന്നതിന് കയർപിരി സംഘങ്ങൾക്ക് 1 ലക്ഷം രൂപ വരെ റിവോൾവിങ് ഫണ്ട് നൽകിയും പച്ചത്തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് 10 പൈസയിൽ നിന്നും 15 പൈസയായും ഉണക്കതൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് 7.5 പൈസയിൽ നിന്നും 10 പൈസയായി വർദ്ധിപ്പിച്ചും തൊണ്ടു സംഭരിക്കുന്ന അംഗത്തിന് നൽകിയിരുന്ന പ്രതിദിനബത്ത 100/-രൂപയിൽ നിന്നും 150/-രൂപയായി വർദ്ധിപ്പിച്ചും തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കയർ പൊതുമേഖലാസ്ഥാപനങ്ങൾ, കയർഫെഡ്, കയർമേഖലയിലെ സഹകരണസംഘങ്ങൾ എന്നിവയ്ക്ക് പ്രോജക്റ്റ് അധിഷ്ഠിത സഹായം നൽകി ശക്തപ്പെടുത്തുവാനും നടപടി സ്വീകരിച്ചു.

| | |
|---|---|
| (സി) പരമ്പരാഗത മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആ മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്ത മാക്കുമോ? | പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് 28.01.2014 ന് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. വിശദമായ ചർച്ചകൾക്കു ശേഷം ഓരോ വ്യവസായത്തിനും വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും യൂണിയൻ നേതാക്കളേയും പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചകൾ നടത്തുവാൻ തീരുമാനിച്ചു. ഓരോ വ്യവസായ തലത്തിലുള്ള ചർച്ചകൾക്കുശേഷം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വീണ്ടും ആവശ്യമെങ്കിൽ യോഗം കൂടി അന്തിമ തീരുമാനം കൈക്കൊള്ളുവാനും തീരുമാനിച്ചു. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്ന നടപടികൾക്ക് ആവശ്യമായ |

മോറട്ടോറിയം പ്രഖ്യാപിക്കുവാനും ഖാദി തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ് ഒരു കഴി നൂൽ ഉൽപ്പാദിപ്പിക്കുന്നതിന് നിലവിലുള്ള 30 പൈസ 60 പൈസയായും നെയ്ത്തു തൊഴിലാളികൾക്ക് ഒരു കഴി നൂൽ നെയ്യുന്നതിന് 90 പൈസ 180 പൈസയായും വർദ്ധിപ്പിക്കുമെന്നും ഖാദി തൊഴിലാളികൾക്ക് നൽകി വരുന്ന ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള തുക മാസം തോറും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനമായി. ആഭ്യന്തര തൊണ്ട് സംഭരണത്തിന് ക്രിയാത്മകവും ഫലപ്രദവുമായ ഒരു പദ്ധതി എല്ലാവരും കൂടി ചർച്ച ചെയ്ത് കണ്ടെത്തണമെന്നും യോഗം തീരുമാനമെടുത്തിരുന്നു.

കയർമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 27.02.2014, 02.03.2014, 30.05.2014 തീയതികളിൽ ബഹു.റവന്യൂ-കയർ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷ തയിൽ കയർ മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ